**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 154** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി. വ്യവസായ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ . ബാബു,<br>ശ്രീ എ. എൻ. ഷംസീർ,<br>ശ്രീ . ജോർജ് എം .തോമസ് ,<br>പ്രൊഫ . കെ. യു. അരുണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക, സാമൂഹിക വികസനത്തിന് വിവരസാങ്കേതികവിദ്യാധിഷ്ഠിത വ്യവസായത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ ഈ സർക്കാർ ഐ.ടി. വ്യവസായ പ്രോത്സാഹനത്തിന് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | • വിവര സാങ്കേതിക വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്, മറ്റ് അനുബന്ധ മേഖലകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്ര വികസനം ലക്ഷ്യമാക്കി വിവരസാങ്കേതിക വിദ്യാ നയം രൂപീകരിച്ചു. • സംസ്ഥാന ഐ.ടി മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടു വരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിച്ച ഹൈപവർ ഐ.ടി ഉപദേശക സമിതിയുടെ പ്രവർത്തനങ്ങൾ മുഖേന വിദേശ കമ്പനികളെ അടക്കം കേരളത്തിലേക്ക് ആകർഷിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. • ഹൈപവർ ഐ.ടി ഉപദേശക സമിതിയുടെ നിർദ്ദേശമനുസരിച്ച് രണ്ടു കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വെച്ച് അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനങ്ങൾ നടത്താനുള്ള തീരുമാനമനുസരിച്ച് ആദ്യത്തെ ആഗോള സമ്മേളനം മാർച്ച് 2018 ൽ കൊച്ചിയിൽ നടത്തി. • ആഗോളതലത്തിൽ ഐ.ടി അധിഷ്ഠിതമായുള്ള വ്യവസായ സംരംഭങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി രൂപീകരിച്ച KSITIL എന്ന കമ്പനി കിഫ്ബിയുമായി സഹകരിച്ച് ഒരു എസ്.പി.വി ആയി ഐ.ടി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നു. • നിക്ഷേപം ആകർഷിക്കാൻ ആവശ്യമായ ഇളവുകൾ നൽകി കമ്പനികളെ ഇവിടേക്ക് കൊണ്ടു വരാൻ നടപടികൾ സ്വീകരിക്കുന്നു. • ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും |

| | | | |
|---|---|---|---|
| | | | സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടു. |
| (ബി) | തലസ്ഥാന നഗരിയിലെ ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസന പ്രവർത്തനങ്ങൾക്കുള്ള തടസ്സം നീങ്ങിയിട്ടുണ്ടോ; ഇതിലൂടെ എത്ര പേർക്ക് പുതുതായി തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | പൊതുവെ കോവിഡ് മൂലം പദ്ധതി നടത്തിപ്പുകളിൽ കുറച്ച് കാലതാമസം എല്ലാ മേഖലകളിലും അനുഭവപ്പെട്ടിട്ടുണ്ട്. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നിയമപരമായ തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിന്റെ ഭാഗമായി 19.73 ഏക്കർ ഭൂമിയിൽ ആരംഭിക്കുന്ന ടോറസ്സ് ഡൗൺടൗൺ' പദ്ധതി പൂർത്തിയാകുമ്പോൾ ഇതിലൂടെ ഏകദേശം 20000 പേർക്ക് നേരിട്ടുള്ള അധിക തൊഴിലവസരങ്ങൾ ലഭ്യമാകും. |
| (സി) | ഐ.ടി. വ്യവസായ വികസനം യാഥാർത്ഥ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യ വർദ്ധനവ് സാധ്യമായിട്ടുണ്ടോ; ഐ.ടി. രംഗത്തെ വൻകിട കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഒരു ഐ.ടി. ഹബ്ബാക്കി വളർത്താൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ? | (സി) | വിവര സാങ്കേതികവിദ്യാ മേഖലയിൽ പരമാവധി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും (SEZ & NON SEZ) ഐ.ടി/ഐ.ടി.ഇ.എസ് വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമി, കെട്ടിടം, ഫർണിഷ്ഡ് സ്പെയിസസ്, സ്മാർട്ട് ബിസിനസ്സ് സെന്ററുകൾ തുടങ്ങിയവയോടൊപ്പം കുറഞ്ഞ നിരക്കിലുള്ള സുഗമമായ വൈദ്യുതി - ജലം വിതരണ സംവിധാനം, മികച്ച കണക്ടിവിറ്റി, റോഡുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സൗകര്യങ്ങളും പാർക്കുകളിൽ ഒരുക്കിയിട്ടുണ്ട്. പാർക്കുകൾ നേരിട്ടും അവിടെയുള്ള ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 52.48 ലക്ഷം ച.അടി ഉൾപ്പെടെ 197.70 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി പാർക്കുകളിൽ നിലവിലുണ്ട്. സർക്കാർ തലത്തിലും ഐ.ടി പാർക്കുകൾ കേന്ദ്രീകരിച്ചും നടപ്പലാക്കി വരുന്ന മികച്ച പ്രവർത്തനങ്ങളിലൂടെ ഐ.ടി. രംഗത്തെ വൻകിട കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിച്ച് ഒരു ഐ.ടി. ഹബ്ബാക്കി കേരളത്തെ വളർത്താൻ കഴിയും. ഈ സർക്കാരിന്റെ കാലത്ത് റ്റി.സി.എസ്, (B) ഫെയ്സ് 1, ഇൻഫോസിസ് ഫെയ്സ് 2, സൺടെക്ക് ബിസിനസ്സ് സൊല്യൂഷൻസ് – ടെക്നോസിറ്റി, ടെക്നോപാർക്ക് നിർമ്മിക്കുന്ന ഗവൺമെന്റിന്റെ ഐ.ടി കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ടെക്നോപാർക്ക് പദ്ധതികളിൽ, ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ ടോറസ് ഗ്രൂപ്പിന്റെ ഐ.ടി/ ഐ.ടി.ഇ.എസ്/ മറ്റു വാണിജ്യ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയുൾപ്പെട്ട 19.73 ഏക്കർ ഭൂമിയിൽ ആരംഭിക്കുന്ന ടോറസ്സിന്റെ 'തിരുവനന്തപുരം ഡൗൺടൗൺ' പദ്ധതി. ബ്രിഗേഡ് ഗ്രൂപ്പിന്റെ വേൾഡ് – (ടെക്നോസിറ്റി), ബ്രിഗേഡ് ഐ.ടി/ഐ.ടി.ഇ.എസ് (ഒന്നാംഘട്ടം) കാർണിവൽ ഇൻഫോപാർക്ക് (ഒന്നാംഘട്ടം), വിൻവിഷ് ടെക്നോളജി (മൂന്നാംഘട്ടം) എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ഇൻഫോപാർക്കിന്റെ നേരിട്ടുള്ള ഐടി മന്ദിരങ്ങൾക്ക് പുറമേ ഉപസംരംഭകരായ ലുലു ടെക് പാർക്ക്, ടാൻസ് ഏഷ്യ സൈബർ പാർക്ക്, ബ്രിഗേഡ് വേൾഡ് ട്രേഡ് സെന്റർ , ക്ലെയ്സിസ് ടെക്നോളജി ക്യാമ്പസ് മുതലായ പദ്ധതികൾ ഈ കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു. കൂടാതെ കാസ്പിയൻ ടെക് പാർക്ക്, ഐ ബി എസ് ക്യാംബസ്, മീഡിയ സിസ്റ്റം ഐ ടി ക്യാമ്പസ് മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ